# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6363 21.11.2019 ൽ മറുപടിക്ക്**

**റസ്റ്റ്ഹൗസുകളുടെ നിലവാരം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ**<br>**,, പി.കെ. ശശി**<br>**,, എം. മുകേഷ്**<br>**,, പി.വി. അൻവർ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന ശേഷം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ്ഹൗസുകളുടെ നിലവാരം ഉയർത്തുന്നതിനും സ്വകാര്യവ്യക്തികൾ കൈവശം വച്ചിരുന്നവയും പാട്ടത്തിന് നൽകിയിരുന്നവയും സർക്കാരിലേയ്ക്ക് തിരിച്ച പിടിക്കുന്നതിനും നടത്തിയ പ്രവർത്തനത്തിന്റെ ഫലം അറിയിക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ റെസ്റ്റ് ഹൗസുകളുടെ നിലവാരം ഉയർത്തുന്നതു വഴി വരുമാനത്തിൽ 68.6% വരെ വർധനവുണ്ടായിട്ടുണ്ട്.<br>2002- ൽ മലയാളം ഇൻഡസ്ട്രീസ് ലിമിറ്റഡ് പാട്ട വ്യവസ്ഥയിൽ വിട്ടു നൽകിയ മൂന്നാർ റസ്റ്റ് ഹൗസും ഭൂമിയും ബന്ധപ്പെട്ട ഹൈക്കോടതി ആർബിട്രേഷൻ അപ്പീൽ 66/2014 ലെ 11/12/2018 ലെ ഉത്തരവ് പ്രകാരം 27/12/2018- ൽ തിരികെ ഏറ്റെടുത്തിട്ടുള്ളതാകുന്നു. മൂന്നാർ റസ്റ്റ് ഹൗസ് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ഇടുക്കിയുടെ നിയന്ത്രണത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.<br>ആലുവ റെസ്റ്റ് ഹൗസ് തിരികെ പിടിക്കാൻ ശ്രമം നടത്തി വരികയും റസ്റ്റ് ഹൗസിന്റെ പ്രവത്തനം കോടതി നിർദ്ദേശ പ്രകാരം പാട്ട വ്യവസ്ഥയിൽ തന്നെ തുടരുകയാണ്.<br>വൈക്കം പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് 03/01/2003 ൽ ശ്രീ. എം.എൻ.സതീഷ് എന്ന വ്യക്തിയ്ക്ക് ലീസിന് നൽകുകയും കരാർ വ്യവസ്ഥകൾ ലംഘിച്ചതിനെ തുടർന്ന് 05/06/2007 ൽ ടി വ്യക്തിയ്ക്ക് നോട്ടീസ് നൽകുകയും 06/09/2008 ൽ ടി റസ്റ്റ് ഹൗസ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ ടിയാൻ ഫയൽ ചെയ്ത ആർബിട്രേഷൻ കേസ് 39/2013 ന് 07/12/2015 ൽ വിധി വരികയും ആയത് പ്രകാരം പൊതുമരാമത്തിന് കരാർ പ്രകാരം |

കുടിശ്ശിക തുകയും പലിശയും ചേർന്ന തുക നൽകുവാൻ ഉത്തരവ് ആകുകയും ചെയ്തു. നിലവിൽ ടി റസ്റ്റ് ഹൗസ് ക്യാന്റീൻ സൗകര്യത്തോടുകൂടി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കോട്ടയത്തിന്റെ നിയന്ത്രണത്തിലാണ്.

(ബി) ഈ കാലയളവിൽ റസ്റ്റ്ഹൗസുകളുടെ അറ്റകുറ്റപണികൾക്കും വിവിധ നിർമ്മാണ പ്രവൃത്തികൾക്കും മാതൃകാ റസ്റ്റ്ഹൗസുകളായി ഉയർത്തുന്നതിനും ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) റസ്റ്റ് ഹൗസുകളുടെ അറ്റകുറ്റ പണികൾക്കും വിവിധ നിർമ്മാണ പ്രവൃത്തികൾക്കും മാതൃക റസ്റ്റ് ഹൗസുകളായി ഉയർത്തുന്നതിനും ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | തിരുവനന്തപുരം | Rs. 23525950/- |
| 2 | കൊല്ലം | Rs. 51827923/- |
| 3 | പത്തനംതിട്ട | Rs. 10596191/- |
| 4 | ആലപ്പുഴ | Rs. 16784487/- |
| 5 | കോട്ടയം | Rs. 47997370/- |
| 6 | എറണാകുളം | Rs. 3892701/- |
| 7 | തൃശ്ശൂർ | Rs. 18044225/- |
| 8 | പാലക്കാട് | Rs. 19523798/- |
| 9 | ഇടുക്കി | Rs. 7000163/- |
| 10 | വയനാട് | Rs. 18240008/- |
| 11 | കോഴിക്കോട് | Rs. 2681133/- |
| 12 | മലപ്പുറം | Rs. 9874711/- |
| 13 | കണ്ണൂർ | Rs. 3500000/- |
| 14 | കാസർഗോഡ് | Rs. 6620774/- |
| ആകെ തുക | | Rs. 240109434/- |

(സി) നിലവിലുള്ള എല്ലാ റസ്റ്റ്ഹൗസുകളും പ്രവർത്തനക്ഷമമാണോ; പ്രവർത്തനം നിലച്ചിട്ടുള്ളവ ഏതെല്ലാമാണ്; അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി)

1. പുതുതായി പണികഴിപ്പിച്ച പേരാവൂർ റസ്റ്റ് ഹൗസ്, കണ്ണൂർ എന്നിവിടങ്ങളിൽ ആവശ്യമായ തസ്തിക അനുവദിക്കുന്ന വിഷയമുള്ളതിനാൽ പ്രവർത്തനം സാധിച്ചിട്ടില്ല.
2. പാമ്പാടി റസ്റ്റ് ഹൗസ് കോട്ടയം - പൊതുമരാമത്ത് വകുപ്പ് റോഡ്സ് സെക്ഷൻ ആഫീസായി പ്രവർത്തിക്കുന്നു.
3. കുട്ടിക്കാനം റസ്റ്റ്ഹൗസ് ഇടുക്കി - IHRD College of Applied Science, ലീസിന് നൽകിയിരിക്കുന്നു.

4. കുമ്പള റസ്റ്റ് ഹൗസ് നിലവിലുള്ള കെട്ടിടം ഉപയോഗപ്രദമല്ലാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്നില്ല. പുതിയ കെട്ടിടം പണിയുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.
5. ബദിയുടക്ക റസ്റ്റ് ഹൗസ് - നിലവിൽ പ്രവർത്തിക്കുന്നില്ല. പുതിയ കെട്ടിടം പണിയുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.
6. കാലിക്കടവ് റസ്റ്റ് ഹൗസ്- അംഗീകൃത തസ്തിക ഇല്ലാത്തതിനാലും നിലവിലുള്ള കുക്ക്- കം- വാച്ച് മാൻ സസ്പെൻഷനിലുമായതിനാൽ പ്രവർത്തനക്ഷമമല്ല. മറ്റുള്ള റസ്റ്റ് ഹൗസുകളെല്ലാം തന്നെ പ്രവർത്തന ക്ഷമമാണ്.

(ഡി) ദൈനംദിന ചെലവുകൾക്കും ജീവനക്കാരുടെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും നൽകുന്നതിനും ആവശ്യമായ വരുമാനം ലഭിക്കുന്ന റസ്റ്റ് ഹൗസുകൾ ഏതെല്ലാമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) റസ്റ്റ് ഹൗസിന്റെ ദൈനംദിന ചെലവുകളും ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത് റസ്റ്റ് ഹൗസുകളുടെ വരുമാനത്തിൽ നിന്നല്ല എന്നതിനാൽ അത്തരത്തിൽ ഉള്ള വിലയിരുത്തൽ നടത്തിയിട്ടില്ല.

(ഇ) സർക്കാരിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സേവനങ്ങൾ നൽകുന്ന റസ്റ്റ് ഹൗസുകളും സാമ്പത്തികഭദ്രത ഉറപ്പുവരുത്തുന്നവയും നിലനിർത്തികൊണ്ട് മറ്റുളളവ സർക്കാരിന്റെ അംഗീകാരമുളള ഏജൻസികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീകൾ എന്നിവരെ കരാറടിസ്ഥാനത്തിൽ നടത്തിപ്പുചുമതലയേൽപ്പിക്കുന്നത് ഗുണകരമാകുമോ; അതു സംബന്ധിച്ച ആലോചനകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(ഇ) മുൻ കാലങ്ങളിൽ ക്യാന്റീൻ നടത്തിപ്പിനായി കുടുംബശ്രീയെ ഏൽപ്പിച്ച സമയത്ത് നിരവധി പരാതികൾ ലഭ്യമായതിനാൽ കുടുംബശ്രീയുമായുളള MOU പുതുക്കി നൽകിയിട്ടില്ല. ഏജൻസികൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയെ റസ്റ്റ് ഹൗസിന്റെ നടത്തിപ്പ ചുമതലയേൽപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ